# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2677** **14.12.2015** - ൽ മറുപടിക്ക്

## പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിലെ കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിൽ കടിവെള്ള മെത്തിക്കുവാൻ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | (എ) | പയ്യന്നൂർ നഗരസഭ (മുനിസിപ്പാലിറ്റി)യിൽ UIDSSMT പദ്ധതി പ്രകാരം കുടിവെള്ള മെത്തിക്കുവാനുള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ കം പമ്പ് ഹൗസ് ഒഴിച്ച് മറ്റു ഘടകങ്ങൾ പൂർത്തിയായി. വിതരണ ശൃംഖലയുടെ ബാക്കി പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. ഇൻടേക്ക് വെൽ കം പമ്പ് ഹൗസിന്റെ പ്രവൃത്തി പ്രദേശ വാസികളുടെ എതിർപ്പ് മൂലം ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ എപ്പോൾ സാധിക്കു മെന്ന് അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | UIDSSMT പദ്ധതി പ്രകാരമുള്ള പദ്ധതിക്ക് തടയണ നിർമ്മാണവും ഇൻടേക്ക് വെല്ലിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളും നീങ്ങിയാൽ മാത്രമേ പദ്ധതി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.<br><br>ജനങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിന് താല്ക്കാലികമായി പരിഹാരം എന്ന നിലയിൽ പ്രസ്തുത പദ്ധതി ജിക്ക പട്ടുവം കുടിവെള്ള പദ്ധതിയുമായി ബന്ധിപ്പിച്ച് ജലവിതരണം ആരംഭിക്കുവാൻ ആവശ്യമായ ട്രയൽ റൺ നടന്നു വരുന്നു. വിതരണ ശൃംഖലയുടെ ബാക്കി ഭാഗത്തിന്റെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2016 ജനുവരി മാസം അവസാനത്തോടെ പ്രസ്തുത പ്രവൃത്തി കമ്മീഷൻ ചെയ്യുവാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ